**മേജർ കെ. മനോജ്കുമാറിന്റെ കുടുംബത്തിന്**
**അഞ്ച് സെന്റ് സ്ഥലവും വീടും അനുവദിക്കും.**

മഹാരാഷ്ട്രയിലെ കേന്ദ്ര ആയുധ സംഭരണശാലയിലുണ്ടായ തീപിടുത്തത്തിൽ മരിച്ച മേജർ കെ. മനോജ്കുമാറിന്റെ കുടുംബത്തിന് അഞ്ച് സെന്റ് സ്ഥലവും 1200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടും നൽകാൻ തിരുവനന്തപുരം ജില്ലാ കളക്ടറെ മന്ത്രിസഭാ യോഗം ചുമതലപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. മനോജ്കുമാറിന്റെ മാതാപിതാക്കളുടെ ജീവിതകാലം മുഴുവൻ 5000 രൂപ പ്രതിമാസ പെൻഷൻ നൽകും. മാനോജിന്റെ ഭാര്യയുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി നൽകാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കും. അത് നിരസിക്കപ്പെട്ടാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലി നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

**ധനസഹായം**

തിരുവനന്തപുരം, ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ കഴിഞ്ഞ ദിവസങ്ങളിൽ മുങ്ങി മരിച്ചവർക്ക് രണ്ടുലക്ഷം രൂപ കൂടി അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഇവർക്ക് നേരത്തെ ഒരു ലക്ഷം രൂപ അനുവദിച്ചിരുന്നു.

സ്കൂൾ പ്രവേശന ദിവസം സ്കൂൾ വരാന്തയിലെ തൂണ് തകർന്ന് വീണ് മരിച്ച മുഖത്തല എം.ജി.ടി. എച്ച. എസ്. ലെ നിശാന്തിന്റെ കുടുംബത്തിന് മൂന്ന് ലക്ഷം രൂപ നൽകും. പാലക്കാട് ജില്ലയിൽ കഴിഞ്ഞ ദിവസം ഷോക്കേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് രണ്ടു ലക്ഷം രൂപാവീതം നൽകും. എറണാകുളത്ത് അയൽവാസിയാൽ കൊല്ലപ്പെട്ട ക്രിസ്റ്റി ജോണിന്റെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ അനുവദിക്കും. പെരിയാർ വാലി കനാലിൽ മുങ്ങി മരിച്ച അജയന്റെ കുടുംബത്തിന് രണ്ട് ലക്ഷം രൂപ നൽകും.

**നിയമിച്ചു**

- അഡ്വ. എം.കെ. ദാമോദരനെ പ്രതിഫലം കൂടാതെയുള്ള ലീഗൽ അഡ്വൈസറായി നിയമിച്ചു. ജോൺ ബ്രിട്ടാസിനെ പ്രതിഫലം കൂടാതെയുള്ള മീഡിയ അഡ്വൈസറായി നിയമച്ചു. വി.എസ്.എസ്.സി. ഡയറക്ടർ ആയിരുന്ന ചന്ദ്രദത്തനെ ശാസ്ത്ര ഉപദേഷ്ടാവായി നിയമിച്ചതും പ്രതിഫലം കൂടാതെയാണ്.

- വി.ജെ. കുര്യൻ ഐ.എ.എസ്. നെ ജലവിഭവ വകുപ്പ് അഡീഷണൽ ചിഫ് സെക്രട്ടറിയായി നിയമിച്ചു. കോസ്റ്റൽഷിപ്പിംഗ്, ഇൻലാൻഡ് നാവിഗേഷൻ, അന്തർ സംസ്ഥാന ജല സെൽ എന്നിവയുടെ അധിക ചുമതലകൂടി അദ്ദേഹത്തിനുണ്ടാകും.

- ഗതാഗത വകുപ്പ് സെക്രട്ടറി ജ്യോതിലാലിന് മൃഗ സംരക്ഷണം, ഡയറി, മൃഗശാല എന്നിവയുടെ അധിക ചുമതല നൽകി.

- ഡോ. ബി. അശോക് നെ ആയുഷ് വകുപ്പ് സെക്രട്ടറിയായി നിയമച്ചു.

- റാണി ജോർജ് ഐ.എ.എസ്. ന് മ്യൂസിയം, ആർക്കിയോളജി, ആർക്കൈവ്സ് വകുപ്പുകളുടെ ചുമതലക്കൂടി നൽകി.

- ടി. ഭാസ്ക്കരനെ ലാന്റ് ബോർഡ് സെക്രട്ടറിയായി നിയമിച്ചു.

- പത്മകുമാറിനെ ലാന്റ് റവന്യൂ ബോർഡ് ജോയിന്റ് സെക്രട്ടറിയായി നിയമിച്ചു. കയർ വകുപ്പു ഡയറക്ടറുടെ അധിക ചുമതലയും ഇദ്ദേഹത്തിനുണ്ടാകും.

- കൊച്ചി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറുടെ അധിക ചുമതല ജില്ലാ കളക്ടർ രാജമാണിക്ക്യത്തിനു നൽകി.